## പതിമൂന്നാം കേരള നിയമസഭ

രണ്ടാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ: 780 28.09.2011 - ൽ മറുപടിക്ക്

## സംസ്ഥാനത്ത് കുടിവെള്ള ക്ഷാമം പരിഹരിക്കുന്നതിനുള്ള പദ്ധതികൾ

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. കെ. മുഹമ്മദുണ്ണി ഹാജി | ശ്രീ. പി ജെ. ജോസഫ് (ജലവിഭവ വകുപ്പ് മന്ത്രി) |

(എ) സംസ്ഥാനത്ത് കുടിവെള്ള ക്ഷാമം പരിഹരിക്കുന്നതിന് നടപ്പിലാക്കുവാനുദ്ദേശിക്കുന്ന പദ്ധതികൾ ഏതെല്ലാമാണെന്ന് വ്യക്തമാക്കുമോ;

(എ) 2011-12 ലെ ബഡ്ജറ്റിൽ ബഹു. ധനകാര്യവകുപ്പ് മന്ത്രി പ്രഖ്യാപിച്ച പദ്ധതികൾ താഴെപ്പറയുന്നു.

1. തിരുവനന്തപുരം നഗരത്തിലെയും സമീപപ്രദേശങ്ങളിലെയും കുടിവെള്ള വിതരണം സുഗമമാക്കുന്നതിന് പേപ്പാറ ഡാമിന്റെ റിസർവോയർ ലവൽ ഇപ്പോഴുള്ള 104.5 മീറ്ററിൽ നിന്ന് ആറു മീറ്റർ കൂടി ഉയർത്തുന്നതിനുള്ള നടപടി.
2. സംസ്ഥാനത്തിന്റെ വിവിധ വാട്ടർ സപ്ലൈ സ്കീമുകളിൽ പൈപ്പുകൾ മാറ്റി സ്ഥാപിക്കുന്നതിലേക്ക് 65 കോടി രൂപ വകയിരുത്തിയിട്ടുണ്ട്.

   ഇതിൽ തിരുവനന്തപുരം സിറ്റിയിലും സമീപ പ്രദേശങ്ങളിലും അടിക്കടി ഉണ്ടാകുന്ന പൈപ്പ് പൊട്ടൽ പ്രശ്നം പരിഹരിക്കുന്നതിന് പഴയ പൈപ്പുകൾ മാറ്റി പകരം ഡി.ഐ. (ഡക്റ്റയിൽ അയൺ) പൈപ്പുകൾ ഇടുന്നതും ഉൾപ്പെടും.
3. കോട്ടയത്ത് വഴിപ്പറമ്പ് മാതൃമല കുടിവെള്ള പദ്ധതി പ്രദേശത്ത് പൈപ്പ് പൊട്ടൽ പ്രശ്നം പരിഹരിക്കുന്നതിന് പഴയ പൈപ്പുകൾ മാറ്റി പകരം ഡി.ഐ. (ഡക്റ്റയിൽ അയൺ) പൈപ്പുകൾ ഇടുന്നതിലേയ്ക്കായി 33 ലക്ഷം രൂപ വകയിരുത്തിയിട്ടുണ്ട്.
4. ഗ്രാമീണ ജലവിതരണ പദ്ധതി ലക്കട്ടൂരിലേക്ക് വ്യാപിപ്പിക്കുന്നതിന് 26 ലക്ഷം രൂപ വകയിരുത്തിയിട്ടുണ്ട്.
5. മലപ്പുറം ജില്ലയിലെ വേങ്ങരയിലെയും സമീപ പഞ്ചായത്തുകളിലെയും കുടിവെള്ളക്ഷാമം പരിഹരിക്കാൻ ഒരു ശുദ്ധജല പദ്ധതി ആരംഭിക്കുന്നതിന് ഒരു കോടി രൂപ വകയിരുത്തിയിരുന്നു.
6. കൂടാതെ ഹരിപ്പാട് പ്രദേശത്തെ സമഗ്ര കുടിവെള്ള പദ്ധതി.1000 രൂപ വകയിരുത്തിയിട്ടുണ്ട്.

2011-12 ബഡ്ജറ്റിൽ വിവിധ നബാർഡ്, ത്വരിത ഗ്രാമീണ പദ്ധതികൾ, സ്റ്റേറ്റ് പ്ലാൻ, സാർക്ക് പദ്ധതികൾ, ജൈക്ക പദ്ധതികൾ മുതലായവയും ഉൾപ്പെടുത്തിയിട്ടുണ്ട്.

**നബാർഡ് പദ്ധതികൾ**

7. കേരളത്തിലെ 14 ജില്ലകളിലെ ഉദ്ദേശം 460 ജലവിതരണ പദ്ധതികളുടെ കാലഹരണപ്പെട്ടതും കേടുവന്നതുമായ പമ്പുകളും, മോട്ടോറുകളും മാറ്റി പുതിയത് സ്ഥാപിക്കുന്ന പദ്ധതി (അടങ്കൽ തുക - 3409.79 ലക്ഷം രൂപ)
8. കണ്ണൂർ ജില്ലയിലെ പായം പഞ്ചായത്തിലുള്ള മട്ടിണിയ്ക്കും സമീപ പ്രദേശങ്ങൾക്കും വേണ്ടിയുള്ള കുടിവെള്ള പദ്ധതി (അടങ്കൽ തുക - 88.5 ലക്ഷം രൂപ)
9. വയനാട് ജില്ലയിലെ മാനന്തവാടി, ഇടവക, നല്ലൂർനാട് എന്നീ വില്ലേജുകൾക്ക് വേണ്ടിയുള്ള കുടിവെള്ള പദ്ധതി (അടങ്കൽ തുക - 2368 ലക്ഷം രൂപ)
10. തൃശ്ശൂർ ജില്ലയിലെ കറ്റൂർ, പടിയൂർ, പൂമംഗലം, ഇടത്തുരുഞ്ഞി വില്ലേജുകൾക്കു വേണ്ടിയുള്ള കുടിവെള്ള പദ്ധതി (അടങ്കൽ തുക - 2789 ലക്ഷം രൂപ)

സംസ്ഥാനത്ത് കുടിവെള്ളക്ഷാമം പരിഹരിക്കുന്നതിന് ഭൂജല വകുപ്പ് രാജീവ് ഗാന്ധികുടിവെള്ള പദ്ധതി നടപ്പിലാക്കി വരുന്നുണ്ട്. കുടിവെള്ള ലഭ്യത പൂർണ്ണമായോ, ഭാഗികമായോ ഉറപ്പുവരുത്തുവാൻ സാധിക്കാത്ത സ്ഥലങ്ങളിൽ കുഴൽ കിണറുകൾ നിർമ്മിച്ച് കുടിവെള്ളം ലഭ്യമാക്കുന്നതിനുദ്ദേശിച്ചുള്ള പദ്ധതിയാണിത്.

(ബി) കഴിഞ്ഞ നൂറ് ദിവസത്തിനകം ഭരണാനുമതി നൽകിയ പദ്ധതികൾ ഏതെല്ലാമാണെന്നും ഇവ എന്നത്തേക്ക് പൂർത്തീകരിക്കുവാൻ കഴിയുമെന്നും വ്യക്തമാക്കുമോ?

(ബി) കഴിഞ്ഞ നൂറ് ദിവസങ്ങൾക്കകം ഭരണാനുമതി ലഭിച്ച പദ്ധതികളുടെ പേര് വിവരവും എന്നത്തേക്ക് പൂർത്തിയാക്കാൻ കഴിയുമെന്നുള്ളതും ചുവടെ ചേർക്കുന്നു.

I. ആർ.ജി.എൻ.ഡി.ഡബ്ളിയു.എം-തിരുവനന്തപുരം ജില്ലയിലെ കിളിമാനൂർ, പഴയകുന്നമ്മേൽ, മടവൂർ, വില്ലേജുകൾക്കു വേണ്ടിയുള്ള ത്വരിത ഗ്രാമീണ ജലവിതരണ പദ്ധതി. അടങ്കൽ തുക - 3100 ലക്ഷം രൂപ.

പദ്ധതി 3 വർഷത്തിനുള്ളിൽ

പൂർത്തീകരിക്കുവാൻ ഉദ്ദേശിക്കുന്നു.

2. നബാർഡ് - ആർ.ഐ.ഡി.എഫ് XVI - കണ്ണൂർ ജില്ലയിലെ പായം പഞ്ചായത്തിലെ മട്ടിണിയ്ക്കും സമീപ പ്രദേശങ്ങൾക്കും വേണ്ടിയുള്ള ശുദ്ധ ജല വിതരണ പദ്ധതി അടങ്കൽ തുക - 88.50 ലക്ഷം രൂപ. ഭരണാനുമതി 30-6-11-ൽ നൽകിയിട്ടുണ്ട്.

ഈ പദ്ധതി രണ്ട് വർഷത്തിനകം പൂർത്തീകരിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു.

ഭൂജല വകുപ്പ് നൂറുദിന കർമ്മ പദ്ധതി പ്രകാരം നടപ്പിലാക്കുന്ന പദ്ധതികളുടെ വിശദവിവരവും പുരോഗതിയും അനുബന്ധമായി ചേർത്തിരിക്കുന്നു.

(ഒപ്പ്)

സെക്ഷൻ ഓഫീസർ

# 100 ദിന കർമ്മ പദ്ധതി – നടപടി പുരോഗതി റിപ്പോർട്ട്

## വകുപ്പിന്റെ പേര് : ഭൂജല വകുപ്പ്

| 100 ദിന പദ്ധതിയിൽ ഉൾപ്പെട്ടിട്ടുള്ള പദ്ധതികൾ (ഓരോ വകുപ്പിനെയും സംബന്ധിച്ചത്) ( സ്വത്ത് വിവരം/ഫയൽ തീർപ്പാക്കൽ/ഒഴിവുകൾ പി.എസ്.സി.ക്ക് റിപ്പോർട്ട് ചെയ്യുന്നത് എന്നിവ ഒഴികെ)<br>**രാജീവ് ഗാന്ധി കുടിവെള്ള പദ്ധതി** | നടപടി പൂർത്തീകരിച്ചത് സംബന്ധിച്ച വിവരങ്ങൾ | നടപടിയുടെ പുരോഗതി സംബന്ധിച്ച വിശദാംശങ്ങൾ |
|---|---|---|
| 1.പട്ടാല–കരവാരം പഞ്ചായത്ത്, ആറ്റിങ്ങൽ നിയോജക മണ്ഡലം | മിനികുടിവെള്ള പദ്ധതി പൂർത്തിയാക്കി | വൈദ്യുതി കണക്ഷൻ ലഭ്യമാക്കുന്നതിനുള്ള നടപടികൾ പുരോഗമിക്കുന്നു. |
| 2.കിഴ് പേരൂർ, നഗരൂർ പഞ്ചായത്ത് ആറ്റിങ്ങൽ നിയോജക മണ്ഡലം | വൈദ്യുതി കണക്ഷൻ ഉൾപ്പടെ മിനികുടിവെള്ള പദ്ധതി പൂർത്തിയാക്കി | |
| 3.തൈക്കൂട്ടം, നഗരൂർ പഞ്ചായത്ത്, ആറ്റിങ്ങൽ നിയോജക മണ്ഡലം | മിനി കുടിവെള്ള പദ്ധതി പൂർത്തിയാക്കി | വൈദ്യുതി കണക്ഷൻ ലഭ്യമാക്കുന്നതിനുള്ള നടപടികൾ പുരോഗമിക്കുന്നു. |
| 4.വള്ളക്കോട് ഐ.എച്ച്.ഡി.പി. കോളനി നഗരൂർ പഞ്ചായത്ത്, ആറ്റിങ്ങൽ നിയോജക മണ്ഡലം | മിനി കുടിവെള്ള പദ്ധതി പൂർത്തിയാക്കി | വൈദ്യുതി കണക്ഷൻ ലഭ്യമാക്കുന്നതിനുള്ള നടപടികൾ പുരോഗമിക്കുന്നു. |
| 5.ഗവ.എൽ.പി.എസ്, നാവായിക്കുളം പഞ്ചായത്ത്, വർക്കല നിയോജകമണ്ഡലം | വൈദ്യുതി കണക്ഷൻ ഉൾപ്പടെ മിനി കുടി വെള്ള പദ്ധതി പൂർത്തിയാക്കി | |
| 6.പാച്ചൂർ കോളനി, വെട്ടിക്കവല ഗ്രാമ പഞ്ചായത്ത്, കൊട്ടാരക്കര നിയോജക മണ്ഡലം | മിനി കുടിവെള്ള പദ്ധതി പൂർത്തിയാക്കി ബെനിഫിഷറി കമ്മിറ്റിക്ക് കൈമാറി | |
| 7.പനവേലിൽ മലിക്കോട് ഭാഗം വെട്ടിക്കവല ഗ്രാമപഞ്ചായത്ത് കൊട്ടാരക്കര നിയോജക മണ്ഡലം | മിനി കുടിവെള്ള പദ്ധതി പൂർത്തിയാക്കി ബെനിഫിഷറി കമ്മിറ്റിക്ക് കൈമാറി | |
| 8.ചക്കപ്പാറ, വിളക്കുടി ഗ്രാമപഞ്ചായത്ത്, പുനലൂർ നിയോജക മണ്ഡലം | മിനി കുടിവെള്ള പദ്ധതി പൂർത്തിയാക്കി | വൈദ്യുതി കണക്ഷൻ ലഭ്യമാക്കുന്നതിനുള്ള നടപടികൾ പുരോഗമിക്കുന്നു. |
| 9.കോട്ടവട്ടം, വെട്ടിക്കവല ഗ്രാമ പഞ്ചായത്ത് കൊട്ടാരക്കര നിയോജക മണ്ഡലം | മിനി കുടിവെള്ള പദ്ധതി പൂർത്തിയാക്കി | വൈദ്യുതി കണക്ഷൻ ലഭ്യമാക്കുന്നതിനുള്ള നടപടികൾ പുരോഗമിക്കുന്നു. |
| 10.എട്ടാം മൈൽ ഭാഗം പാമ്പാടി ഗ്രാമപഞ്ചായത്ത് പുതുപ്പള്ളി നിയോജകമണ്ഡലം | മിനി കുടിവെള്ള പദ്ധതി പൂർത്തിയാക്കി | |

| | | |
|---|---|---|
| 11.ചെന്താമറ്റം, കുരോപ്പട ഗ്രാമ പഞ്ചായത്ത് പുതുപ്പള്ളി നിയ യോജകമണ്ഡലം | *മിനി കുടിവെള്ള പദ്ധതി പൂർത്തിയാക്കി | |
| 12.കിഴക്കടമ്പുകോളനി, അകല ക്കുന്നം ഗ്രാമപഞ്ചായത്ത്, പുതുപ്പള്ളി നിയോജക മണ്ഡലം | മിനി കുടിവെള്ള പദ്ധതി പൂർത്തിയാക്കി | വൈദ്യുതി കണക്ഷൻ ലഭ്യമാ ക്കുന്നതിനുള്ള നടപടികൾ പുരോഗമിക്കുന്നു. |
| 13.നൊങ്കൽ ഭാഗം പാമ്പാടി ഗ്രാമ പഞ്ചായത്ത് പുതുപ്പള്ളി നിയോജകമണ്ഡലം | മിനി കുടിവെള്ള പദ്ധതി പൂർത്തിയാക്കി | വൈദ്യുതി കണക്ഷൻ ലഭ്യമാ ക്കുന്നതിനുള്ള നടപടികൾ പുരോഗമിക്കുന്നു |
| 14.ചരിപറമ്പ്, ഇട്ടിവ ഗ്രാപഞ്ചാ യത്ത് ചടയമംഗലം നിയോജക മണ്ഡലം | | പദ്ധതി പുരോഗമിക്കുന്നു. പമ്പ് ഹൗസിന്റെ നമ്പർ ഇട്ടിവ ഗ്രാമ പഞ്ചായത്തിൽ നിന്നും അനുവദിച്ചു നൽകിയിട്ടില്ല |
| 15.നൂറ്റിപ്പാടം കോളനി, ഇലവ ഞ്ചേരി ഗ്രാമപഞ്ചായത്ത് നെന്മാറ നിയോജക മണ്ഡലം | മിനി കുടിവെള്ള പദ്ധതി പൂർത്തിയാക്കി | |

രാജീവ് ഗാന്ധി കുടിവെള്ള പദ്ധതി പ്രകാരം മിനി ജലവിതരണ പദ്ധതികൾ (മറ്റു ജലവിതരണ പദ്ധതികൾ ഇല്ലാത്ത സ്ഥലങ്ങളിൽ) നടപ്പിലാക്കുന്ന കുഴൽ കിണറുകൾ സ്രോതസ്സുകൾ ആയി പദ്ധതികൾ നിർമ്മിച്ച് ഗുണഭോക്താക്കൾക്ക് കൈമാറുകയും അവയുടെ തുടർന്നുള്ള നടത്തിപ്പ് ഗുണഭോക്താക്കളുടെ ചുമതലയിൽ നൽകുകയും ചെയ്യുന്നു.

ഇത്തരം 17 പദ്ധതികൾക്ക് അനുവാദം നൽകി. അവയിൽ 14 എണ്ണം പൂർത്തിയായി.

സെക്ഷൻ ഓഫീസർ